LIBRARY ARCHIVES Kerala Legislative Assembly

കർഷക രജിസ്ട്രേഷൻ പദ്ധതി

139 (2973) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക രജിസ്ട്രേഷൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ കാർഷിക മേഖലയിലും നാളിതുവരെ എത്ര കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. കർഷക രജിസ്ട്രേഷന്റെ രണ്ടാംഘട്ടത്തിനുവേണ്ടി അപേക്ഷകൾ സ്വീകരിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിരുന്ന അവസാന തീയതിയായ 17-8-2013 (ചിങ്ങം 1) വരെ കാർഷിക മേഖലയിൽ 18.7 ലക്ഷം കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 16-2-2016 വരെ 17.59 ലക്ഷം കർഷകരുടെ അപേക്ഷകൾ ഓൺലൈനായി ഡേറ്റാബേസിൽ ചേർക്കുകയും ചെയ്തു. ഇതിൽ മറ്റ് പ്രസക്തമായ വിവരങ്ങൾ, ആധാർ നമ്പർ എന്നിവകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടരുന്നു.

(ബി) 15-9-2015-ലെ സ. ഉ. (സാധാ.) നമ്പർ 1546/15/കൃഷി പ്രകാരം കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടരുന്നു. പുതിയ കർഷകർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്.

ജൈവകൃഷി വ്യാപിപ്പിക്കാൻ കർമ്മപദ്ധതി

140 (2974) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി രീതി വ്യാപിപ്പിക്കാനുള്ള കർമ്മപദ്ധതി കളിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഷിക രംഗം സുസ്ഥിരവും ആദായകരവുമാക്കുക, മണ്ണിന്റെ ഫലഭൂയിഷ്ഠിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ജൈവസുരക്ഷയും ഭക്ഷ്യപോഷണ സുരക്ഷയും ഉറപ്പുവരുത്തുക, മാരകമായ രാസവസ്തുക്കളുടെ ഉപയോഗം നിർത്തലാക്കുക, അതുവഴി മണ്ണ്, വായു, ജലം തുടങ്ങിയവയെ സംരക്ഷിക്കുക, ജൈവ വൈവിദ്ധ്യം മുൻനിർത്തിയുള്ള പാരിസ്ഥിതിക്കമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം നൽകുന്നതിലൂടെ മനുഷ്യ ആരോഗ്യം നിലനിർത്തുക, ജൈവ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി പ്രത്യേകം സംവിധാനങ്ങൾ സജ്ജമാക്കുക, ഉപഭോക്താക്കൾക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള കാർഷിക വിഭവങ്ങൾ ലഭ്യമാക്കുക, കൂടുതൽ കർഷകരെ ജൈവകൃഷി രീതികളിലേയ്ക്ക് ആകർഷിക്കുക.

(ബി) ജൈവ കൃഷി വ്യാപന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാന തലത്തിൽ 'State Organic Farmin Cell'രൂപീകരിച്ചിട്ടുണ്ട്. കൃഷി ഡയറക്ടറേറ്റിലാണ് സെൽ പ്രവർത്തിച്ചുവരുന്നത്. ജൈവ കാർഷിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും ജില്ലാ ബ്ലോക്ക് ഫീൽഡ് തലങ്ങളിൽ പദ്ധതികളുടെ പുരോഗമനം ഉറപ്പുവരുത്താനും 'State Co-Ordinator'-നെ ചുമതലപ്പെടുത്തിയിരിക്കുന്നു. Technology Manager, Facilitator തുടങ്ങിയവരെയും 'State Organic Farming Cell'-ൽ നിയമിച്ചിട്ടുണ്ട്.

ജില്ലാതലങ്ങളിലും ഇപ്രകാരം 'Organic Farming Cell' രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ Technology Manager, Facilitator തുടങ്ങിയവർ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ജൈവ കൃഷി പ്രോത്സാഹനത്തിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ മൂന്ന് ഗഡുക്കളായി അനുവദിക്കുന്നു.

ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷനുവേണ്ടി 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി അഞ്ചുലക്ഷം രൂപ ആദ്യ രണ്ടു വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും അനുവദിക്കുന്നു.

ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് 30'x8'x2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് മൊത്തം 1,00,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 50,000 രൂപ അനുവദിക്കുന്നതാണ്.

വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 57 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 5 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവ വളങ്ങൾ, പൂച്ചെടികൾ, ജൈവ കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ 'കൃഷി ബിസിനസ്സ് കേന്ദ്ര' വഴി വിതരണം ചെയ്യുവരുന്നു. 'ഹരിത നഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഹൈടെക് കൃഷി

141 (2975) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി രീതി വ്യാപിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈടെക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നതാണ്.

1. സംരക്ഷിത കൃഷി രീതി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

2. ഉന്നത ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly